LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

134(2387) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്ന അവസരത്തിൽ മണലൂർ നിയോജക മണ്ഡലത്തിൽ ആകെ എത്ര വൈദ്യുതി കണക്ഷനുകളാണ് നൽകിയിരുന്നത് ;

(ബി) ഇപ്പോൾ ആകെ എത്ര കണക്ഷനുകളാണ് നിലവിലുള്ളത് എന്നറിയിക്കുമോ ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; ഇതിനായി ആകെ എത്ര തുക ചെലവായി എന്നറിയിക്കുമോ ?

ഉത്തരം

(എ) 47,676 വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു.

(ബി) 56,796 വൈദ്യുതി കണക്ഷനുകൾ

(സി) ഏകദേശം 25 ലക്ഷം രൂപ ചെലവാക്കി 8.01 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈൻ നിർമ്മിച്ച് 542 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ

135(2388) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പിന്നാക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടന്നിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമുള്ള സ്ഥലമെടുപ്പ് നടപടികൾ ശ്രുതഗതിയിൽ നടന്നു വരുന്നു. 221.559 ലക്ഷം രൂപയുടെ 107 വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളിലായി 41.8 കിലോമീറ്റർ 11 കെ.വി. ലൈൻ, 20 കിലോമീറ്റർ ത്രീഫേസ് ലൈൻ എന്നിവ നിർമ്മിക്കുകയും 92 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 41.4 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.